"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് – 2020-21 വാർഷിക പദ്ധതി – കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ ഉത്പാദന മേഖലയിലെ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിന് നിശ്ചയിച്ചിരുന്ന നടപടിക്രമങ്ങൾ സേവനമേഖലയ്ക്ക് കൂടി ബാധകമാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

**സ.ഉ.(സാധാ) നം.1450/2020/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 04/08/2020

---

പരാമർശം:- 1 29.04.2020 – ലെ സ.ഉ(സാധാ)നം.794/2020/തസ്വഭവ

**ഉത്തരവ്**

കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ ഗ്രാമസഭകളും വാർഡ് സഭകളും വിളിച്ചു ചേർക്കാൻ കഴിയാത്ത സാഹചര്യം നിലവിലുള്ളത് പരിഗണിച്ച് 2020-21 വാർഷിക പദ്ധതിയിലെ ഉത്പാദന മേഖലാ പ്രോജക്ടുകളുടെ ഗുണഭോക്തൃ തെരഞ്ഞെടുപ്പിന് പരാമർശത്തിലെ ഉത്തരവ് പ്രകാരം പ്രത്യേക നടപടിക്രമങ്ങൾ നിശ്ചയിച്ചിരുന്നു. ഉത്പാദന മേഖലയിലെ പ്രോജക്ടുകൾ; പ്രത്യേകിച്ച് കാർഷികാനുബന്ധ മേഖലകളിലെ പ്രോജക്ടുകൾ സീസണൽ ആയി നടപ്പാക്കേണ്ടവയാണ്. അതുകൊണ്ടാണ് ഗ്രാമസഭകളും വാർഡ് സഭകളും ചേരുന്നതിനുള്ള സാഹചര്യം മെച്ചപ്പെടുന്നത് വരെ കാത്തിരിക്കാതെ പ്രത്യേക നടപടിക്രമങ്ങൾ നിശ്ചയിച്ചത്.

2. ഗ്രാമസഭകളും വാർഡുസഭകളും വിളിച്ചു ചേർക്കുന്നതിന് കഴിയാത്ത സാഹചര്യമാണ് ഇപ്പോഴുമുള്ളത്. സാമ്പത്തികവർഷത്തിൽ നാല് മാസങ്ങൾ പിന്നിട്ടു കഴിഞ്ഞു. സേവന മേഖലയിലെ പ്രോജക്ടുകളുടെ ഗുണഭോക്തൃ തെരഞ്ഞെടുപ്പ് അനന്തമായി നീട്ടിക്കൊണ്ടുപോകാനും കഴിയുകയില്ല. ഈ സാചര്യത്തിൽ ഉത്പാദന മേഖലയിലെ പ്രോജക്ടുകളുടെ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിന് പരാമർശത്തിലെ ഉത്തരവ് പ്രകാരം നിശ്ചയിച്ചിരുന്ന പ്രത്യേക നടപടിക്രമങ്ങൾ സേവന മേഖലയിലെ പ്രോജക്ടുകൾക്ക് കൂടി ബാധകമാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു. എല്ലാ തദ്ദേശഭരണസ്ഥാപനങ്ങളും ഈ നടപടിക്രമങ്ങൾ പാലിച്ച് സേവനമേഖലയിലെ പ്രോജക്ടുകളുടെ ഗുണഭോക്തൃ പട്ടിക അടിയന്തിരമായി തയ്യാറാക്കി നിർവഹണ നടപടികൾ ആരംഭിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**പാറ്റ്സി സ്റ്റീഫന്**

**ജോയിന്റ് സെക്രട്ടറി**

1. പഞ്ചായത്ത് ഡയറക്ടർ
2. നഗരകാര്യ ഡയറക്ടർ
3. ഗ്രാമവികസന കമ്മീഷണർ
4. ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്
5. എല്ലാ ജില്ലാ ആസൂത്രണസമിതി അദ്ധ്യക്ഷന്മാർക്കും
6. എല്ലാ ജില്ലാ കളക്ടർമാർക്കും

7. എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
8. എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും
9. എല്ലാ നഗരകാര്യ മേഖലാ ജോയിന്റ് ഡയറക്ടർമാർക്കും
10. എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
11. എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
12. എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
13. എല്ലാ കോർപ്പറേഷൻ സെക്രട്ടറിമാർക്കും
14. എല്ലാ നഗരസഭാ ചെയർമാൻമാർക്കും സെക്രട്ടറിമാർക്കും
15. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
16. ചെയർമാൻ സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
17. ഡയറക്ടർ, കില
18. എക്സിക്യൂട്ടീവ് ഡയറക്ടർ ഇൻഫർമേഷൻ കേരള മിഷൻ
19. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signature Not Verified
Digitally signed by SURESH KUMAR K
Date: 2020.08.05 14:45:46 IST
Reason: Approved
സെക്ഷൻ ഓഫീസർ

പകർപ്പ്:-

1. ബഹു. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
2. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ (റൂറൽ) പി.എയ്ക്ക്
3. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ (അർബൻ) പി.എയ്ക്ക്